**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നം.3334**

**19.10.2016-ൽ**
**മറുപടിയ്ക്ക്**

## നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ

**ചോദ്യം**

ശ്രീ എം. ഉമ്മർ

**ഉത്തരം**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) സംസ്ഥാനത്ത് എല്ലാ ജില്ലാ കേന്ദ്രങ്ങളിലും നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ ജില്ലാ കേന്ദ്രങ്ങളിൽ എല്ലാ ജില്ലയിലും 40 കോടി രൂപ വീതം ചെലവിൽ നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട് |
| (ബി) എങ്കിൽ ഇതു സംബന്ധിച്ച് സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; | (ബി) ജില്ലാ കേന്ദ്രങ്ങളിൽ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി (SPV) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനെ നിശ്ചയിക്കുകയും, അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) ഇവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന രീതി വിശദമാക്കുമോ; ഇതിനായി സ്വകാര്യ സ്ഥാപനങ്ങളുടേയും സന്നദ്ധ സംഘടനകളുടേയും ക്ലബ്ബുകളുടേയും സഹകരണം ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ? | (സി) സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം Kerala Infrastructure Investment Fund Board (KIIFB)-ൽ നിന്നുമുള്ള പ്രത്യേക ധനസഹായം മുഖേന പൂർത്തിയാക്കുവാനാണ് പദ്ധതിയിട്ടുന്നത്. |

സെക്ഷൻ ഓഫീസർ